## മത്സരത്തെ കീഴ്പ്പെടുത്തുന്ന ശക്തി

### I. ദൈവരാജ്യം മത്സരത്തെ കീഴ്പ്പെടുത്തുന്ന ശക്തിയാണ്

- പ്രപഞ്ചത്തിലെ രണ്ടു വലിയ തത്ത്വങ്ങൾ—ദൈവത്തിന്റെ അധികാരവും സാത്താന്റെ മത്സരവും
  - മത്സരം ദൈവത്തിന്റെ അധികാരത്തിന്റെ നിരസനവും ദൈവഭരണത്തിന്റെ തിരസ്കരണവുമാണ്
  - സാത്താന്റെയും മനുഷ്യന്റെയും മത്സരത്തെ തുടർന്നുകൊണ്ടു പോകുവാൻ ദൈവം അനുവദിക്കുകയില്ല; ദൈവം അവന്റെ രാജ്യം ഭൂമിയിൽ സ്ഥാപിക്കും
- ദൈവരാജ്യം സ്ഥാപിക്കുവാൻ **കർത്താവായ യേശു** വന്നു
  - ദൈവരാജ്യം—ദൈവത്തിന് തന്റെ പദ്ധതി നടപ്പിലാക്കുന്നതിന് തന്റെ അധികാരം പ്രയോഗിക്കുവാൻ കഴിയുന്ന ഒരു ദിവ്യമണ്ഡലം
  - തന്റെ അധികാരം പ്രയോഗിക്കുന്നതിലൂടെ തന്റെ ഉദ്ദേശ്യം നിർവഹിക്കുവാൻ ദൈവത്തിനു കഴിയുന്ന ഒരു മണ്ഡലം സ്ഥാപിക്കുവാൻ—ജഡാവതാരം ചെയ്ത ദൈവമെന്ന നിലയിൽ കർത്താവായ യേശു വന്നു
    - തന്റെ മനുഷ്യജീവിതത്തിലൂടെ സാത്താനെ പരാജയപ്പെടുത്തി
    - രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു
    - ബലവാനായ സാത്താനെ ബന്ധിക്കുകയും, അവന്റെ വസ്തുവകകൾ കൊള്ളയടിക്കുകയും ചെയ്തു
    - ദൈവാത്മാവിനാൽ ഭൂതങ്ങളെ പുറത്താക്കി അവൻ സാത്താന്റെ രാജ്യത്തെ നശിപ്പിച്ച് ദൈവരാജ്യത്തെ കൊണ്ടുവന്നു
- മർക്കൊസ് 4:35-41-ലെ രേഖ മത്സരത്തിന്റെയും, മത്സരത്തെ കീഴ്പ്പെടുത്തുന്ന ശക്തിയെന്ന നിലയിൽ ദൈവരാജ്യത്തിന്റെയും ഒരു ചിത്രമാണ്
  - സാത്താന് ഒരു രാജ്യം, ഇരുട്ടിന്റെ അധികാരം, ഉണ്ട്; അത് ദൈവരാജ്യത്തിന് എതിരാണ്
    - ഭൂതങ്ങൾ സാത്താന്റെ രാജ്യത്തിനുവേണ്ടി ജനത്തെ കൈവശപ്പെടുത്തുന്നവരാണ്
    - സാത്താൻ ലോകത്തിന്റെ അധിപനും ആകാശത്തിന്റെ അധികാരിയുമാണ്
  - മർക്കൊസ് 4:26-29-ലുള്ള ദൈവരാജ്യത്തെ സംബന്ധിച്ച വാക്കിനും 5:1-20-ലുള്ള ദൈവരാജ്യത്തിന്റെ പ്രകടനത്തിന്റെ രേഖയ്ക്കും ഇടയിൽ 4:35-41-ൽ കൊടുങ്കാറ്റുള്ള സമുദ്രത്തിന്റെ സംഭവമുണ്ട്
    - നാലാം അദ്ധ്യായത്തിൽ രാജ്യത്തെ സംബന്ധിച്ച കർത്താവിന്റെ സംസാരത്തിനും അഞ്ചാം അദ്ധ്യായത്തിൽ അവൻ ഭൂതങ്ങളെ പുറത്താക്കിയതിലൂടെ രാജ്യത്തെ നടപ്പിലാക്കുന്നതിന്റെയും ഇടയിലുള്ള കൊടുങ്കാറ്റുള്ള സമുദ്രത്തിന്റെ സംഭവം സൂചിപ്പിക്കുന്നത് രാജ്യത്തിന്റെ വെളിപാട് പ്രയോഗികതയിൽ കൊണ്ടുവരുന്നതിനായ് മത്സരത്തിന്റെ കീഴ്പ്പെടുത്തൽ ആവശ്യമാണ് എന്നാണ്

## കർത്താവായ യേശുവിന്റെ കായാന്തരണം

### II. ദൈവരാജ്യം കർത്താവായ യേശുവിന്റെ കായാന്തരണമാണ്

- കർത്താവായ യേശു കായാന്തരപ്പെട്ടു എന്നതുകൊണ്ട് അർഥമാക്കുന്നത് അവന്റെ മനുഷ്യത്വം അവന്റെ ദിവ്യത്വത്തെക്കൊണ്ട് സാന്ദ്രീകരിക്കപ്പെടുകയും അഭിവ്യാപിക്കപ്പെടുകയും ചെയ്തു എന്നാണ്; അവന്റെ തേജസ്കരണമായിരുന്ന ഈ കായാന്തരണം അവന്റെ രാജ്യത്തിലുള്ള അവന്റെ വരവിനു തുല്യമായിരുന്നു
  - കർത്താവായ യേശുവിന്റെ കായാന്തരണം, പ്രകാശിക്കൽ, അവന്റെ രാജ്യത്തിലുള്ള അവന്റെ വരവായിരുന്നു; എവിടെ അവന്റെ കായാന്തരണമുണ്ടോ, അവിടെ രാജ്യത്തിന്റെ വരവുണ്ട്
  - കർത്താവായ യേശുവിന്റെ കായാന്തരണം അവൻ എന്താണെന്നുള്ളതിന്റെ സാക്ഷാൽക്കാരമായിരുന്നു.
  - കർത്താവായ യേശുവിന്റെ യാഥാർഥ്യത്തിന്റെ പ്രകാശിക്കലാണ് രാജ്യം; അവന്റെ പ്രകാശിക്കലിൻ കീഴിലായിരിക്കുന്നത് രാജ്യത്തിലായിരിക്കുന്നതാണ്
- ഒരു വിത്തായി ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടിരിക്കുന്നു; തളിർക്കുകയും തേജസ്സിൽ വെളിപ്പെടുകയും ചെയ്യുന്നതുവരെ ഈ വിത്ത് വളരുകയും വികസിക്കുകയും ചെയ്യും
  - ദൈവരാജ്യത്തിന്റെ വിത്തായി നാം സ്വീകരിച്ചിരിക്കുന്നവൻ നമ്മുടെ ഉള്ളിൽനിന്നും പുഷ്പിക്കുന്നതുവരെ നമ്മിൽ വളരണം; ഈ പുഷ്പിക്കൽ പ്രായോഗികവും അനുഭവപരവുമായ രീതിയിൽ കർത്താവിന്റെ കായാന്തരണമായിരിക്കും
  - കർത്താവിൻ നിമിത്തം നമ്മുടെ ദേഹി-ജീവനെ നഷ്ടപ്പെടുത്തുവാൻ നാം മനസ്സുള്ളവരാണെങ്കിൽ, സഭാ ജീവിതത്തിൽ പ്രബലമായ ഒരു കായാന്തരണം നാം അനുഭവിക്കും; ഈ കായാന്തരണം ഒരു യഥാർഥ ഉണർവായിരിക്കും.

## നമ്മിലുള്ള മത്സരത്തിന്റെ കീഴ്പ്പെടുത്തലിന്റെയും, നമ്മിലുള്ള കർത്താവായ യേശുവിന്റെ കായാന്തരണത്തിന്റെയും ഫലം—നമ്മുടെ കായാന്തരണം

### III. അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും

- രാജ്യത്തിന്റെ പ്രത്യക്ഷതയുടെ സമയത്ത്, നമ്മുടെ മനുഷ്യത്വം നമ്മുടെ ഉള്ളിലുള്ള മഹത്വകരമായ ദിവ്യത്വത്താൽ തേജസ്കരിക്കപ്പെടും
- ഒരർഥത്തിൽ, കർത്താവ് സ്വർഗത്തിൽനിന്ന് മടങ്ങിവരും, എന്നാൽ മറ്റൊരർഥത്തിൽ, അവൻ നമ്മിൽനിന്ന് പുറത്തുവരും; അവൻ നമ്മിൽനിന്ന് പൂർണ്ണമായി ജീവിച്ചു വെളിപ്പെടുമ്പോൾ, അതായിരിക്കും അവന്റെ വരവിന്റെ സമയം
- സഹസ്രാബ്ദത്തിൽ ജയാളികളായ വിശ്വാസികൾ രാജ്യത്തിന്റെ ശോഭയുള്ള തേജസ്സിൽ ക്രിസ്തുവിനോടു കൂടെയായിരിക്കും, അതേസമയം പരാജിതരായ ക്രിസ്ത്യാനികൾ പുറത്തുള്ള ഇരുട്ടിൽ ശിക്ഷണം അനുഭവിക്കും.